**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 688** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വീട്ടമ്മമാർക്ക് നൈപുണ്യ പരിശീലനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** തീരദേശ നിയോജക മണ്ഡലമായ കൈപ്പമംഗലത്തെ തൊഴിലില്ലാത്ത വീട്ടമ്മമാർക്കും ചെറുപ്പക്കാർക്കും വിവിധതരം നൈപുണികൾ വികസിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ ഏതൊക്കെ സൗജന്യ പരിശീലന പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിലില്ല.

**(ബി)** കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തൊഴിലില്ലാത്ത വീട്ടമ്മമാർക്കും ചെറുപ്പക്കാർക്കും വിവിധതരം നൈപുണികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സൗജന്യ പരിശീലന പദ്ധതികൾ ആവിഷ്കരിക്കാമോ;

**<u>മറുപടി:</u>** ഒരു പ്രത്യേക നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന പദ്ധതികൾ നടത്തി വരുന്നില്ല.

**(സി)** സ്വന്തം വിദ്യാഭ്യാസത്തിന്റെ ചെലവ് സ്വയം കണ്ടെത്തുക എന്ന പുതിയ സംസ്കാരം യുവതലമുറയിൽ കൂടുതലായി കണ്ടുവരികയാണ് ഇത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കലാലയങ്ങളിലും വിദ്യാലയങ്ങളിലും വിദ്യാഭ്യാസത്തോടൊപ്പം ചെയ്യാൻ കഴിയുന്ന വിവിധതരം നൈപുണികൾ ഒഴിവു ദിവസങ്ങളിൽ പരിശീലിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ നടപടിയെടുക്കുമോ;

**<u>മറുപടി:</u>** പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** ഓട്ടിസം, സെറിബ്രൽ പാൾസി പോലുള്ള ഗുരുതര രോഗം ബാധിച്ച കുട്ടികളുടെ അമ്മമാർക്ക് വീട്ടിൽ നിന്നും പുറത്തിറങ്ങാനോ തൊഴിൽ ചെയ്യാനോ സാധിക്കാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള അമ്മമാരെ കുറിച്ച് പ്രത്യേകമായ പഠനം നടത്തി ഈ കുട്ടികളുടെ സാന്നിധ്യത്തിൽ വീട്ടിൽ തന്നെയിരുന്ന് ചെയ്യാൻ സാധിക്കുന്ന നൈപുണികൾ സൗജന്യമായി പരിശീലിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ പദ്ധതികൾ ആവിഷ്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** അത്തരത്തിൽ പദ്ധതികൾ നിലവിലില്ലാത്താണ്.

**സെക്ഷൻ ഓഫീസർ**